**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മാലിന്യ സംസ്കരണ പ്രൊജക്ടുമായി ബന്ധപ്പെട്ട് ശുചിത്വ മിഷൻ സാങ്കേതിക അനുമതി നൽകിയ **3/4 $m^3$** ശേഷിയും **10000/-** രൂപ യൂണിറ്റ് നിരക്കും ഉള്ള **PVC / LLDPE / HDPE** ബയോഗ്യാസ് പ്ലാന്റുകൾക്ക് പകരം **1$m^3$** ശേഷിയും **12500/-** യൂണിറ്റ് നിരക്കുമുള്ള **FRP** യിൽ നിർമ്മിച്ച വാട്ടർ ജാക്കറ്റ് സംവിധാനമുള്ള **24** ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച ശ്രീമൂലനഗരം ഗ്രാമ പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം. 2856/ 2016/തസ്വഭവ തിരുവനന്തപുരം, തീയതി 07.10.2016

---

പരാമർശം: 1. ശ്രീമൂലനഗരം പഞ്ചായത്ത് സെക്രട്ടറിയുടെ 28.07.2016 ലെ A1-6363/16 നമ്പർ കത്ത്.

2. ശുചിത്വ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടറുടെ 23.08.2016 ലെ 1584/C6/2012/SM നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീമൂലനഗരം ഗ്രാമ പഞ്ചായത്തിൽ മാലിന്യ സംസ്കരണം പ്രൊജക്ടുമായി ബന്ധപ്പെട്ട് 3/4 $m^3$ ശേഷിയും 10000/- രൂപ യൂണിറ്റ് നിരക്കുമുള്ള ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുവാൻ ശുചിത്വ മിഷൻ സാങ്കേതിക അനുമതി നൽകിയതായും എന്നാൽ ഇത് അപര്യാപ്തമാണെന്ന ഗുണഭോക്താക്കളുടെ ആവശ്യത്തെ തുടർന്ന് ശുചിത്വ മിഷന്റെ സാങ്കേതിക അനുമതിയിൽ നിന്ന് വ്യതിചലിച്ച് 1$m^3$ ശേഷിയും 12500/- രൂപ യൂണിറ്റ് നിരക്കും ഉള്ള 24 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് പദ്ധതി നടപ്പിലാക്കിയതായും ആയതിനാൽ പഞ്ചായത്തിന്റെ ഈ നടപടിക്ക് സാധൂകരണം നല്കണമെന്ന് പരാമർശം 1 പ്രകാരം ശ്രീമൂല നഗരം പഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിച്ചിരുന്നു.

2012-13 സാമ്പത്തിക വർഷത്തിൽ എറണാകുളം ജില്ലയിലെ ശ്രീമൂലനഗരം പഞ്ചായത്തിൽ 7.5 kg / day ശേഷിയും 10000/- രൂപ യൂണിറ്റ് നിരക്കുമുള്ള 54 PVC / LLDPE / HDPE ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുവാൻ സാങ്കേതിക അനുമതി നൽകിയതായും ആയതിന്റെ നടത്തിപ്പിനായി 1,80,000/- രൂപ പഞ്ചായത്തിന് നൽകിയതായും പദ്ധതിയുടെ പുരോഗതിയും ധനവിനിയോഗ സർട്ടിഫിക്കറ്റും യഥാസമയം ശുചിത്വ മിഷനിൽ ലഭ്യമാക്കണമെന്ന് പഞ്ചായത്തിന് നിർദേശം നൽകിയതായും എന്നാൽ സാങ്കേതിക അനുമതി വ്യതിചലിച്ച് 12500/-രൂപ യൂണിറ്റ് നിരക്കും 1 $m^3$ ശേഷിയും, FRP യിൽ നിർമ്മിച്ച വാട്ടർ ജാക്കറ്റ് സംവിധാനവുമുള്ള 24 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് പഞ്ചായത്ത് പദ്ധതി

നടപ്പാക്കിയതായും സദുദ്ദേശത്തോടെ ആയതിനാൽ പഞ്ചായത്തിന്റെ ഈ നടപടിക്ക് സാധൂകരണം നൽകാവുന്നതാണെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടർ പരാമർശം 2 പ്രകാരം അറിയിച്ചിരിക്കുന്നു.

ശുചിത്വ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാലിന്യ സംസ്കരണ പ്രൊജക്ടുമായി ബന്ധപ്പെട്ട് ശുചിത്വ മിഷൻ സാങ്കേതിക അനുമതി നൽകിയ 3/4 $m^3$ ശേഷിയും 10000/- രൂപ യൂണിറ്റ് നിരക്കും ഉള്ള PVC / LLDPE / HDPE ബയോഗ്യാസ് പ്ലാന്റുകൾക്ക് പകരം 1$m^3$ ശേഷിയും 12500/-രൂപ യൂണിറ്റ് നിരക്കും FRP യിൽ നിർമ്മിച്ച വാട്ടർ ജാക്കറ്റ് സംവിധാനവുമുള്ള 24 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച ശ്രീമൂലനഗരം ഗ്രാമ പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

ഡി സന്തോഷ്
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ശ്രീമൂലനഗരം ഗ്രാമ പഞ്ചായത്ത്,എറണാകുളം
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫൊർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ് -ന്

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്